**File No.: GE-DA2/23/2025-G.EDN-Part(1)**

**"ഭരണഭാഷ-
മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ്- ശ്രീ സജയ് പി, മുൻ അസിസ്റ്റന്റ് ജില്ല മിഷൻ കോ-ഓർഡിനേറ്റർ, ജില്ല മിഷൻ ഓഫീസ്, കുടുംബശ്രീ, മലപ്പുറം (നിലവിൽ മലപ്പുറം ജില്ലയിലെ പറവണ്ണ ജി.എം.യു.പി സ്കൂളിലെ പി.ഡി ടീച്ചർ)-സസ്പെൻഷൻ പിൻവലിച്ച് - സർവീസിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3587/2025/GEDN തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:-
1. 16/04/2025 ലെ സ.ഉ(സാധാ) നം 2643/2025/പൊവിവ
2. ഒ.എ(EKM) നം 640/2025 -മേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 23/04/2025 ലെ ഇടക്കാല ഉത്തരവ്
3. ഒ.എ(EKM) നം 640/2025 -മേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 14/05/2025 ലെ ഇടക്കാല ഉത്തരവ്

**ഉത്തരവ്**

മലപ്പുറം കുടുംബശ്രീ ജില്ല മിഷൻ ഓഫീസിൽ അസിസ്റ്റൻറ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ആയി സേവനമനുഷ്ഠിച്ചിരുന്ന നിലവിൽ മലപ്പുറം ജില്ലയിലെ പറവണ്ണ ജി.എം.യു.പി സ്കൂളിലെ പി.ഡി ടീച്ചർ ശ്രീ സജയ് പി-യ്ക്കെതിരെ വി.സി.12/2024/എം.പി.എം നമ്പരായി കേസ് രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ ടിയാൻ സാക്ഷികളെ സ്വാധീനിക്കാൻ സാധ്യത പരിഗണിച്ച് വിജിലൻസ് വകുപ്പിന്റെ ശിപാർശ പ്രകാരം ടിയാനെ പരാമർശം (1) പ്രകാരം സർവീസിൽ നിന്നും ഉടൻ പ്രാബല്യത്തിൽ

സസ്പെന്റ് ചെയ്തിരുന്നു.

2. ടി ഉത്തരവിനെതിരെ ടിയാൻ ബഹു കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA EKM 640/2025 ന്മേൽ ബഹു കോടതി പരാമർശം(2),(3) പ്രകാരമുള്ള ഇടക്കാല ഉത്തരവുകൾ പ്രകാരം പരാമർശം (1)-ലെ ഉത്തരവ് യഥാക്രമം 14/05/2025, 05/06/2025 വരേയും സ്റ്റേ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ നിലവിൽ സസ്പെൻഷനിൽ തുടരുന്ന ശ്രീ സജയ് പി-യുടെ സസ്പെൻഷൻ പിൻവലിച്ച് ഉടൻ പ്രാബല്യത്തിൽ സർവീസിൽ പുനഃപ്രവേശിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹേമലത സി കെ
**#ApprovedByDesignation#**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം
ശ്രീ സജയ് പി, പി.ഡി ടീച്ചർ (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
വിജിലൻസ് (ഡി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
വെബ് (ന്യൂ മീഡിയ/കൈറ്റ്സ്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 31-05-2025 13:53:58
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്